# വിസ്മയം



UNION HIGHER SECONDARY SCHOOL, MAMBRA.

# OUR SCHOOL






# മുഖമൊഴി

പ്രിയപ്പെട്ട കൂട്ടുക്കാരേ,

അക്ഷരങ്ങൾ പുസ്തകങ്ങളിൽ മയിൽപ്പീലി വിടർത്തി നിന്ന ഒരു സുവർണ കാലഘട്ടം......ഓരോ വിദ്യാലയത്തിനും പറയാനുള്ള കഥകൾ താളുകളിൽ ഒളിപ്പിച്ചിരുന്നു.......അത് പഴയഓർമ്മകൾ.

വിരുന്നുകാരേപ്പോലെ നിന്നിരുന്ന ആധുനിക സാങ്കേതികവിദ്യ ഇന്ന് കുടുംബത്തിലെ അംഗമായി മാറിയപ്പോൾ വിദ്യാലയങ്ങളിൽ സാങ്കേതിക വിജ്ഞാനമിസ്ഫോടനങ്ങൾ സൃഷ്ടിക്കപ്പെട്ടു.ആ പ്രസരണത്തിന്റെ ഒരു കൈത്തിരിവെട്ടം ഈ 'ഇ' മാഗസിനിൽ ഞങ്ങൾ അവതരിപ്പിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ

എഡിറ്റർ



## സന്ദേശം

പുതുതലമുറയ്ക്ക്  സാങ്കേതിക പരിജ്ഞാനം നൽകുന്നതിനും അത് ഗുണകരമായ രീതിയിൽ വിനിയോഗിക്കുന്നതിനും ലിറ്റിൽ  കൈറ്റ്സ് പ്രവർത്തനങ്ങൾ ശ്ലാഘനീയം തന്നെ.കുട്ടികളുടെ പ്രവർത്തനഫലമായി രൂപപ്പെട്ട ഈ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ  അഭിമാനം തോന്നുന്നു.മാമ്പ്ര യൂണിയൻ ഹയർ സെക്കന്ററി സ്കൂളിലെ എല്ലാ കൈറ്റ് അംഗങ്ങൾക്കും അവരെ സഹായിച്ച അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയലോകത്തിലൂടെ നൂതന പാഠനാനുഭവങ്ങൾ അനുഭവിച്ചറിയാൻ ഓരോ വിദ്യാർത്ഥിക്കും ലിറ്റൽ കൈറ്റ്സ് സഹായകമാകട്ടെ എന്ന് ആശംസിച്ചുകൊള്ളുന്നു.

എന്ന്

ഹെഡ് മാസ്റ്റർ

സി.ഡി.ബിജു

# INAUGURATION OF LITTLE KITES BY HEADMASTER C.D BIJU MASTER





# മലയാളം

# എന്റെ നാട്

നാടെന്റെ നാടിതു നല്ല നാട്
നാണ്യവിളകൾ തൻ പുണ്യനാട്
നാടെന്റെ നാടിതു നല്ലനാട്
നാണം കുണുങ്ങിയാമെന്റെ നാട്

കേരങ്ങൾ തിങ്ങും തൊടികളുണ്ട്
കേളി ഗൃഹങ്ങളുമേറെയുണ്ട്
കേൾപെറ്റ കേരള നാട്ടിലാണ്
മാൺപെഴും മാന്ന്യയെന്നെന്റെ നാട്

നെല്ലുവിളയുന്ന പാടമുണ്ട്
കപ്പയും വാഴയും ചാരെയുണ്ട്
വാഴക്കുലകളിൽ തേനുമുണ്ട്
തേനുണ്ണാനെത്തും കിളികളുണ്ട്



# മലയാളത്തിലെ മുത്തശ്ശിക്കഥകൾ

പണ്ടേതോ കാലത്തു മുത്തശ്ശിമാരുടെ നാവിൽ നിന്ന് ഉതിർന്നുവീണ മുത്തുകളാണ് വായ്മൊഴി സാഹിത്യത്തിലെ രത്നഖനികളായ മുത്തശ്ശിക്കഥകൾ. തലമുറകൾ കൈമാറി വർത്തമാന കാലം വരെ അവ എത്തിനിൽക്കുന്നതിന്റെ രഹസ്യം വടിവൊപ്പിക്കാത്ത അവയുടെ പരുക്കൻ സൗന്ദര്യവും പ്രാകൃതമായ രൂപവും തന്നെ. എത്രകേട്ടാലും ഏതുകാലത്തേയുമെന്നപോലെ ഈ കമ്പ്യൂട്ടർ യുഗത്തിലെ കുട്ടിക്കും മതിവരാണത്തിന്റെ കാരണവും മറ്റൊന്നുമല്ല. വായ്മൊഴിയിൽ മാത്രമൊതുങ്ങിനിന്ന അവയുടെ കാലദേശങ്ങൾക്കധീതമായ വ്യാപ്തി നമ്മെ അത്ഭുതപ്പെടുത്തുന്നു. വിജ്ഞാനം കാച്ചിക്കുറുക്കിക്കൊടുക്കുക സിദ്ധിവിശേഷം. നന്മയോടൊട്ടിനിൽക്കാനും തിന്മക്കുനേരെ മുഖം തിരിക്കാനും മാനവിക ഗുണങ്ങളുടെ മഹനീയത ഉള്ളടങ്ങുന്ന ഇത്തരം കഥകൾ ശൈശവസങ്കല്പങ്ങൾക്കു പ്രേരണയാകുന്നു.

കഥകളറിയുന്ന മുത്തശ്ശിവർഗം അന്യംനിന്നുകൊണ്ടിരിക്കുന്നു.ഈ കാലഘട്ടത്തിൽ മുത്തശ്ശിക്കഥയുടെ മാനിചെപ്പിൽ ഒളിമങ്ങാതെ കിടക്കുന്ന മലയാളത്തിന്റെ ഈ മുത്തുകൾ തേടിയെടുത്തു ഭാവിതാലമുറക്കുവേണ്ടി വരമൊഴിയായി സൂക്ഷിച്ചുവക്കുക എന്നത് കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ഭാഷയെ സ്നേഹിക്കുന്ന നമ്മുടെ ഏവരുടെയും കടമയാണെന്ന് പറയേണ്ടതില്ലല്ലോ വാമൊഴിയായി പലതാരതലമുറകളിലൂടെ പ്രചരിച്ച മുത്തശ്ശിക്കഥകൾ "കുറത്തിപ്രാവും അനിയത്തിപ്രാവും ,ആനയും തുന്നൽക്കാരനും കുഞ്ഞിപാറുവും ഏഴാങ്ങളമാരും,മണ്ണുകട്ടയും കരിയിലയും"തുടങ്ങിയ എക്കാലത്തും കുട്ടികൾ വായിച്ചു വളരേണ്ട കഥകളാണിവ.



# മനുഷ്യ ചിന്തകൾ

മരണമില്ലാത്തൊരു മനുഷ്യനുണ്ടോ
അതിലും വലിയൊരു സത്യമുണ്ടോ
സർവ്വരും മരിക്കും ഒരുദിനമെങ്കിൽ
എന്തിനു നമ്മൾ കൊള്ളണം തമ്മിൽ

നരകമില്ലാതൊരു സ്വർഗ്ഗമുണ്ടോ
കനവിൽ കുറഞ്ഞൊരു മിഥ്യയുണ്ടോ
ആശകൾ മുഴുവൻ ഫലിച്ചിടുമെങ്കിൽ
ഈശനെ ലോകം ഭയപ്പെടുമോ

ഉദയമില്ലാത്തൊരന്ത്യമുണ്ടോ
ഹൃദയം മരിക്കുകിൽ ബന്ധമുണ്ടോ
നന്മകൾ മനുഷ്യൻ മറക്കുകിൽ പിന്നെ
തിന്മകളെങ്ങും ഭരിക്കുകില്ലേ



# കുരങ്ങും കുരുവിയും

മഴയോ മഴ മഴെങ്ങും പെരുമഴ
പറപറ പൊഴിയും നാളിൽ
കിണറും കുളവും പാടവുമെല്ലാം
മഴയാൽ മൂങ്ങിയ നാളിൽ
കുരുവികൾ, കുയിലുകൾ ,കാക്കകളെല്ലാം
കൂട്ടകൾ ത്തൊരുമിരിക്കെ
മഴയും കൊണ്ടൊരു വാനരവീരൻ
മരവുംചാരിയിരുന്നു -
ഇതുകണ്ടപ്പോളലിവുകളർന്നൊരു
കുരുവിപ്പക്ഷി പറഞ്ഞു
വലിയൊരു വാനരനാണെന്നാലും
കൂടിലുണ്ടാക്കാൻ വയ്യെന്നോ?
മടയനും തുല്യം കുളിരും കൊണ്ടീ
മഴയിലിരുന്നാൽ മതിയെന്നോ?
കുരുവിപ്പെണ്ണിൻ മൊഴികെട്ട്സ്പ്പോളരി-
ശം വന്ന കുരങ്ങച്ചൻ
കോപമടക്കാൻ കുരുവിക്കിളിയുടെ
കൂട്ടതകർത്തു പെട്ടെന്ന്
അതുകൊണ്ടരിശം തീരാഞ്ഞപ്പോൾ
ചാടിനടന്നാവീരൻ
പറവകൾ കൂടിയ കൂട്ടകളെല്ലാം
ഞൊടിയിടകൊണ്ടു തകർന്നു
മുറവിളി കിട്ടിപ്പറവകളെല്ലാം
മഴയിലുയർന്നു പറന്നു
മടയനെ ഗുണദേശിച്ചാലിങ്ങനെ
ഫലമെന്നൊരു നിനച്ചു




# മണ്ണിന്റെ പൊലിമ

കാണാൻ കൊതിച്ചുഞാൻ  ഒരുനെൽപ്പാടവും
കാണാൻ കൊതിച്ചുഞാൻ ഒരേർക്കളയും
കാണ്മതില്ല കാളയും കലപ്പയും കർഷകനെ-
ന്നൊരാളുമില്ല. പോയതെന്തേ പോയുറഞ്ഞതെന്തേ
മണ്ണിന് മണവും കർഷകരും
വയലുകളെല്ലാം ഓര്മകൾമാത്രം ഇനിയൊ-
രു തലമുറ കാണ്മതിനായ് ഇനിയൊരു കേര-
ളപ്പിറവിയുണ്ടെന്നാൽ ഇനിയുള്ളതെങ്കിലും കാത്തുവയ്പ്പൂ





# അഹങ്കാരവൃക്ഷം



പണ്ടുപണ്ടൊരു കാട്ടിൽ വലുതും കരുത്തനായ ഒരു വോക്ക് മരം ഉണ്ടായിരുന്നു. കരുതലും വലുപ്പത്തിലും അവൻ ഒരുപാട് അഭിമാനിയായിരുന്നു. അവൻ പറഞ്ഞു ഞാൻ ഈ കാട്ടിലെ ഭംഗിയും പച്ചപ്പും നിറഞ്ഞമരം. ഈ കാര്യത്തിൽ എന്നെ വെല്ലാൻ ആരെങ്കിലും ഉണ്ടോയെന്ന് വര്ഷം തോറും പുതിയ ചില്ലകളും പുതിയ ഇലകളും എന്നെ കൂടുതൽ ബലവാനും വലിയവനും ആക്കുന്നു.പക്ഷെ എനിക്കൊറ്റക്കാര്യം ഇഷ്ടമല്ല. അപ്പോൾ പുല്ലുചെടി പറഞ്ഞു നീ ഒരു വലിയ വോക്ക് മാത്രമാണല്ലോ,പിന്നെനിനക്കെന്താ പ്രശ്നം.അപ്പോൾ മരം പറഞ്ഞു നീ വേരുകൾ കണ്ടിട്ടുണ്ടോ? ഭയങ്കര വൃത്തികേടാ, അവ മണ്ണിന്റെ ഉള്ളിലാണ് വളരുന്നത്.മണ്ണിന്റെ അടിയിലൂടെ പോകുന്നതുകൊണ്ട് വളരെനന്നായി.നീ നിന്റെ വേരുകളെ കുറ്റം പറയുകയാണോ? നീ പറഞ്ഞില്ലേ നിന്റെ വേരുകൾ വളരെ പ്രധാനപെട്ടതാണെന്നു.മരം പറഞ്ഞു-നീ അത് വിട്ടുകള നിനക്കതു പറഞ്ഞാൽ മനസ്സിലാകില്ല. പക്ഷെ തന്റെ വേരുകളെ ഇഷ്ടമല്ല എന്ന് മരം ഉറപ്പിച്ചു പറഞ്ഞു.കുറച്ചുദിവസങ്ങൾക്കുശേഷം കുറെ തുരപ്പനെലികൾ അവിടെ വന്നു താമസമാക്കി. ഈ കാട് അവർക്കു താമസയോഗ്യമാണെന്ന്അവർ മനസ്സിലാക്കി. അവർ വോക്കുമരത്തിനടിയിൽ മാളങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചു.ആ



മാളങ്ങൾ വളരെ നീളത്തിലും ആഴത്തിലുമുള്ളതായിരുന്നു.ഇത് വോക്കുമരത്തിനു ഭീഷണിയായിമാറി.വോക്കുമരം നിർത്താൻ ആവശ്യപ്പെട്ടു.അവർ അനുസരിച്ചില്ല.ഒരുദിവസം വോക്കുമരം കടപുഴകി വീണു. അതുവഴിവന്ന മരംവെട്ടുകാർ കടപുഴകി വീണുകിടക്കുന്ന വോക്കുമരത്തെ വെട്ടാമെന്നു തീരുമാനിച്ചു. ഒരിക്കലും സ്വന്തം വേരുകളെ പഴിപറയരുതെന്നു മരം തിരിച്ചറിഞ്ഞു.വോക്ക്മരത്തിന്റെ ജീവിതം എല്ലാ മരങ്ങൾക്കും പാഠമായിമാറി.

# ഒരു ബാർബർ

ഈ കഥ ചാട്ടാളിപുത്രാടത്താണ്  നടന്നത്.ആ സ്ഥലത്തു ഒരു ധനികനായ  വ്യാപാരി ജീവിച്ചിരുന്നു.അയാൾക്ക് മനൈവി ഉണ്ടായിരുന്നു. അവരുടെ കൂടെ അവർ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നതു.മണിപാട്ട എല്ലാവരെയും സഹായിച്ചിരുന്നൊരാളായിരുന്നു.അവർക്കു ഒരുപാടു



സ്വത്തുക്കളുണ്ടായിരുന്നു.എങ്കിലും അവർ അഹങ്കരിച്ചിരുന്നില്ല.അവർ ഒരുപാട് കഷ്ടപ്പെട്ടാണ് ഈ നിലയിലെത്തിയത്. ഭാര്യ നല്ലബുദ്ധിയുള്ളവളായിരുന്നു.അവരുടെ വീട്ടിൽ വരുന്നവരെ അവർ വെറും കയ്യോടെ വിടില്ലായിരുന്നു.അവർ എല്ലാവരാലും ബഹുമാനപ്പെട്ടിരുന്നു. വീട്ടിൽ വരുന്നവർക്ക് ഒരുപാട് വിലയേറിയ വസ്തുക്കളാണ് അവർ നൽകാറ്.

ഒരിക്കൽ ആ വ്യാപാരിക്ക് ഒരുപാട് പ്രശ്നങ്ങൾ ഉണ്ടായി.കൊടുങ്ങാറുണ്ടായപ്പോൾ അയാളുടെ കപ്പൽ വെള്ളത്തിൽ മുങ്ങിപ്പോയി.അവർ അത്രയും കാലം ഉണ്ടാക്കിയതെല്ലാം ദാനമായി നൽകി തീർത്തു. മണിപ്പാട്ടക്ക് ഒരുപാട് കടം കൊടുക്കേണ്ടതായുണ്ടായിരുന്നു.എല്ലാ സുഹൃത്താക്കളുടെയും അടുത്തേക്ക് പോയി. ഒരാൾപോലും സഹായിച്ചില്ല.അയാൾ വളരെ ദുഃഖിതനായി.വീടുവിട്ടു എല്ലാകടവും അയാൾ വീട്ടി.അയാൾ തീർത്തും ദരിദ്രനായി.അവർ പിന്നീട് ഒരു കുടിലിൽ താമസിച്ച് കൂലിവേലക്കു പോയി.ഭാര്യയായ ഗായത്രി സ്കൂളിൽ ടീച്ചറായി നിയമിതയായി.രണ്ടുപേരും ഒരുപാട് കഷ്ടപ്പെട്ടു.വിരുന്നുകാർ ആരും വരാതായി.കൂട്ടുകാരെന്നു കരുതിയവർ തിരിഞ്ഞുപോലും നോക്കാതെ പോയി.അവർക്കു ഒരുപ്പാട് സങ്കടം ഉണ്ടായി.അങ്ങനെയിരിക്കെ വ്യാപാരി ഒരു ദിവ്യ സ്വപ്നം കണ്ടു:'ഒരിക്കൽ വീടിന്റെ കതക തുറന്നു നോക്കുമ്പോൾ ആ വഴിയിലൂടെ ഒരു സ്വാമി നടന്നു പോകുന്നു. മണിപ്പാട്ട

# ചെന്നായയും കൊക്കും

ഒരിക്കൽ ഒരു ചെന്നായ ആറ്റിൽ നിന്നും മീൻ പിടിച്ചു തിന്നുന്നതിനിടയിൽ തൊണ്ടയിൽ ഒരുമുള്ളു കുടുങ്ങി. ചെന്നായ വേദനകൊണ്ട് പുളഞ്ഞു. എത്രയെല്ലാം ശ്രമിച്ചിട്ടും മുള്ളു പോയില്ല. അവസാനം കുരങ്ങച്ചാരുടെ നിർദേശപ്രകാരം കൊറ്റിവൈദ്യരെ ആളയച്ചു വരുത്തി. കൊറ്റിവൈദ്യൻ തന്റെ നീളമേറിയ കൊക്ക് ചെന്നായയുടെ വായിലേക്കിട്ടു മുള്ളു പുറത്തെടുത്തു. ചെന്നായ്ക്കു ആശ്വാസമായി. തിരികെ പോവാൻ  നേരം കൊറ്റി  വൈദ്യൻ പ്രതിഫലം ചോദിച്ചു.ചെന്നായ ചിരിച്ചുകൊണ്ട് പറഞ്ഞു അല്ലയോ കൊറ്റു വൈദ്യാ താങ്കളുടെ തണ്ടക്കഴുത്തു എന്റെ വായയിലേക്കിട്ട് ആണ് അങ്ങ് മുള്ളു എടുത്തത്.ഈ സമയത്തു എന്റെ വായ അടക്കാതിരുന്നത് തന്നെ വലിയ പ്രതിഫലമാണ്.മറുത്തൊന്നും പറയാതെ കൊറ്റി വൈദ്യൻ അകലേക്ക് പറന്നു പോയി.തന്റെ കഴുത്തിലെ മുള്ളു പോയ ആശ്വാസത്തിൽ ഒരു മൂളിപ്പാട്ടും പാടി ചെന്നായ വീട്ടിലേക്കു നടന്നു.



# കഥ


കാട്ടിൽ ജീവിക്കുന്ന ഒരു മൃഗമാണ് കാട്ടുപോത്ത്.കാട്ടിലെ പുല്ലുകളും ഇലകളും എല്ലാം കഴിച്ചാണ് ജീവിക്കുന്നത്.ഇവർ നാല് സഹോദരങ്ങളാണ്.ഇതിൽ ഏറ്റവും ഇളയവനായ പോത്തിനെ ഉൾഗ്രാമത്തിൽ താമസിക്കുന്ന രാഘവൻ വാങ്ങി..രാഘവൻ ബലികൊടുക്കാൻ വേണ്ടിയാണ് ഈ പോത്തിനെ വാങ്ങിയത്. പോത്തിന് സഹോദരങ്ങളെ വിട്ടുപിരിയാൻ താല്പര്യമില്ലായിരുന്നു.എങ്കിലും പോത്തിന് രാഘവന്റെ കൂടെ പോകേണ്ടതായി വന്നു.ഇനി കാണാനോ വായ്മൊഴിയിലൂടെ സംസാരിക്കാനോ കഴിയില്ല എന്നുള്ള സത്യം രാഘവൻ ഈ പോത്തുകളുടെ ഉടമസ്ഥനോട് പറഞ്ഞില്ല.അവസാനമായി കാണുന്ന സഹോദരങ്ങളുടെ മുഖത്ത്നിന്ന് കണ്ണെടുക്കാതെ പോകുകയാണ് ആ പാവം.ഒരു ജന്മം ഒരുമിച്ച തന്റെ സഹോദരങ്ങൾക്കൊപ്പം ജീവിക്കാൻ കഴിയാത്ത ഈ പോത്തിന് വേണ്ടി ഇനിയൊരു ജന്മം കൂടെ ഒരുമിച്ച ജീവിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ അതിനെ കൊല്ലുകയാണ്.

"അങ്ങനെ ആ പോത്തു ഈ ലോകത്തോടും സഹോദരങ്ങളോടും വിട പറയുകയാണ്."



# എന്റെ മാഷിന്

കാലങ്ങൾക്കപ്പുറം ജീവിതമധ്യത്തിൽ
ഓർത്തു ഞാൻ പൊയ്പ്പോയ നിമിഷങ്ങളെ
ഓർമ്മതൻ പൂ കിനാവുകളെല്ലാം
ചെന്നുനിന്നതോ ഗുരുപാദതാരിൽ
കുറിക്കട്ടെ ഞാനീവേള ഒരു
കാവ്യാ രചനയെൻ ഗുരുവിനെപ്പറ്റി



ഇനിയേഴ ജന്മവും മാഷായി തീരട്ടെ
മാഷിന്റെ ഭാവിയും കൂട്ടിനുണ്ടാകട്ടെ
കാറ്റിലാടുന്നൊരാ റാന്തൽ വിളക്കുപോൽ
ഇരുളിനെന്നും പ്രകാശമായി തീരട്ടെ
കുട്ടികൾക്കെന്നും ഈ മാഷിനാമം
കൃഷ്ണനാമം പോൽ ജപമായി തീരട്ടെ

ഗുരുവിൻ വാക്കിൽ അർത്ഥവും വ്യാപ്തിയും
നന്നായിട്ടറിയുന്ന സ്നേഹിതനാകട്ടെ
ആടിയുലയുന്നയീ സാഗരമധ്യത്തിൽ
ശക്തി പകരുന്ന സാന്നിദ്ധ്യമാകട്ടെ
അക്ഷരജ്ഞാനം കൊണ്ടറിവുപകർന്ന
ഒരായിരം ഹൃദയത്തിൽ സരസ്വതീമന്ത്രമാകട്ടെ
എന്നും വളരുന്ന ശാസ്ത്രലോകത്തെ
കെട്ടിപ്പടുക്കാനീ കരം ബലം പകരട്ടെ
അതിലുമപ്പുറം സ്നേഹം കൊണ്ടെന്നും
ഈ ഗുരു ശിഷ്യന് മാതൃകയാകട്ടെ
ഈ മാഷിന് ഹൃദയത്തിലൊരുകണമായി ഞാൻ മാറിയെങ്കിൽ
അതീകുഞ്ഞിൻ ഭാഗ്യമായി കരുതട്ടെ.

# ENGLISH

# Ozymandias

I met a traveller from an antique land
who said : Two vast and trunkless legs of stone
stand in the desert. Near them on the sand,half sunk,a shattered visage
lies,whose frown,

and wrinkled lip,and sneer of cold command,
tell that it's sculptor well those passion read
which yet survived,stamped on these lifeless things,
the hand that mocked them,and the heart that fed;
and on the pedestel these words appear:

“My name is ozymandias,king of kings:
look upon my works,ye mighty and despair!"
nothing beside remains.round the decay
of that colossoal wreck,boundless and bare
the long and sands strech far away.



# ANOTHER CHANCE

how often we wish for another chance
to make a fresh begining.
A chance to blot out our mistakes
and change failure into winning.

It does not take a a new day.
To make a brand new start,
it only takes a deep desire
to try with all our heart.

To live a little better
and to always be forgiving
and to add a little sunshine
to the world in which we were living.

So never give up in despair
and think that you are through
for there's was always a tomorrow
and the hope of starting new.



# A FOOLISH DONKEY

There live idd-maker in a country.He had a donkey.it was used to carry idols to the coustomers.

Once,he had to deliver it on his donkey's back and they started on there journey.

Now the idol-maker was extremely skilled at his job.

The idol on the back of the donkey was one of the best he had ever made.

Who ever saw it ,stopped to bow down and pray. The donkey thought they were bowing to him.

He was very much happy.he did not want to go away.thus he came to an abrupt stop.

The master tried his best,but the donkey did not move.at last he lifted the idol on to his own head and and walked away.

The donkey stood where he was,head held high.he suddenly become aware that there was no one with him.

The peoplewere now following his master and bowing the idols.

The donkey understand the force and ran to rejoin his master.



# THE FREEDOM OF THE MOON

I've tried the new moon
tilted in the air
above a hazy tree-and farmhouse clustre
as you might try a jewel in
your hair.

I've tried it fine with little
breadth of custer,alone,or
in one ornament combining
with one first-water start



# ART









Aswin







# THANK YOU